21 (2399) ആറന്മുളയിൽ പട്ടികജാതി കോളനികളുടെ വികസനം

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുഴ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) എല്ലാ പട്ടികജാതി കോളനികളിലേയും സ്വന്തമായി വീടി ല്ലാത്ത ആളുകൾക്ക് വീട് നിർമ്മിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പട്ടികജാതി കോളനികളിലെ വീടുകളിൽ സൗജന്യമായി വൈദ്യുതീകരണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) കോളനികളിലെ റോഡുകൾ വികസിപ്പിക്കുന്നതിന് ആവശ്യ മായ നടപടി സ്വീകരിക്കുമോ;

(ഇ) കോളനികളിലെ വീട്ടുകാർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) 9-ാം പദ്ധതിയോടെ എല്ലാ പട്ടികവിഭാഗ കുടുംബങ്ങൾക്കും വീട് നൽകാനാണുദ്ദേശിക്കുന്നത്.

(സി),(ഡി)&(ഇ) ധനലഭ്യതയനുസരിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപ നങ്ങളുടെ സഹകരണത്തോടുകൂടിയും നടപടി സ്വീകരിക്കുന്നതാണ്.

22 (2400) വിദ്യാഭ്യാസാനുകൂല്യങ്ങളിൽ വെട്ടിപ്പു നടത്തുന്ന തായി പരാതി

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിൽ വെട്ടിപ്പ് നടന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു വിദ്യാഭ്യാസ സ്ഥാപനമാണെന്നും എന്തു സംഖ്യയാണ് വെട്ടിപ്പു നടത്തിയതെന്നും വ്യക്തമാക്കുമോ;

(സി) കുമ്പളയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഇംഗ്ലീഷ്മീഡിയം സ്കൂളിലെ വെട്ടിപ്പുമായി ബന്ധപ്പെട്ട് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലിറ്റിൽലില്ലി ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ, കുമ്പള എന്ന സ്ഥാപനത്തിൽ 22000/- രൂപയുടെ വെട്ടിപ്പ് നടത്തിയതായാണ് വിവരം ലഭിച്ചി ട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്വേഷണം നടന്നുവരുന്നു. പൂർത്തിയായിട്ടില്ല.

23 (2401) പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) മുൻ സർക്കാർ നടപ്പിലാക്കിയിരുന്ന എന്തെല്ലാം പദ്ധതികളാണ് ഈ രംഗത്ത് തുടർന്നു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇപ്പോൾ നടപ്പിലാക്കി വരുന്ന ഈ പദ്ധതികൾ വിദ്യാർത്ഥികളുടെ നിലവാരം എത്രമാത്രം മെച്ചപ്പെടുത്തുവാൻ സഹായിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന പദ്ധതിയെ തുടർന്ന് ഹൈസ്കൂൾ പഠന നിലവാരവും മെച്ചപ്പെടുത്തുവാനുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ)&(ബി) പ്രാഥമിക വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊണ്ടിട്ടുള്ള പരിപാടികളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ശിശു കേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ പാഠ്യപദ്ധതി പ്രൈമറി ക്ലാസ്സുകളിൽ നടപ്പിലാക്കി.

2. ഇതു പ്രകാരം പാഠപുസ്തകങ്ങൾ പരിഷ്ക്കരിച്ചു.

3. ഡി.പി.ഇ.പി ആറു ജില്ലകളിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

4. പുതിയ പാഠ്യപദ്ധതി അനുസരിച്ച് സംസ്ഥാനത്തിലെ പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകി.

5. കേന്ദ്രാവിഷ്കൃത പദ്ധതികളായ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്, ഇംപ്രൂവ്മെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ എന്നീ പദ്ധതികൾ പ്രകാരം എൽ.പി/യു.പി. സ്കൂളുകളിൽ ശാസ്ത്ര ഉപകരണങ്ങളും ശാസ്ത്ര പുസ്തകങ്ങളും വാങ്ങുവാൻ ധനസഹായം നൽകി.

6. പത്താം ധനകാര്യകമ്മിഷന്റെ ശുപാർശ പ്രകാരം പ്രൈമറി ക്ലാസുകളിൽ കൂടിവെള്ളം ലഭ്യമാക്കുവാനും പെൺകുട്ടികൾക്കായി ടോയ്ലറ്റുകൾ നിർമ്മിക്കുവാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ഡി.പി.ഇ.പി.യും മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളും തുടർ പദ്ധതികളാണ്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ഹൈസ്കൂൾ തലത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly